പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 381 — 11.12.2012-ൽ മറുപടിയ്ക്ക്

# കൂടംകുളം ആണവനിലയത്തിൽ നിന്നും വൈദ്യുതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ. എം. ആരിഫ് : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) കൂടംകുളം ആണവ നിലയത്തിൽ നിന്നും എത്ര യൂണിറ്റ് വൈദ്യുതി കേരളത്തിന് അനുവദിക്കാമെന്നായിരുന്നു ധാരണയുണ്ടായിരുന്നത് ; വ്യക്തമാക്കുമോ ; | (എ) കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ 27-07-2007-ലെ കത്ത് F N.3/3/2007-OM പ്രകാരം 2 X1000 MW കൂടംകുളം ആണവ നിലയത്തിൽ നിന്നും കേരളത്തിന് 226 MW വൈദ്യുതിയാണ് അനുവദിച്ചു നൽകിയിരിക്കുന്നത്. |
| (ബി) ഇത് ഏത് ലൈനിലൂടെ കേരളത്തിലേക്ക് പ്രസരണം ചെയ്യാനാണുദ്ദേശിക്കുന്നത് ; പ്രസരണ ലൈനിന്റെ പണി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; | (ബി) കൂടംകുളത്തിൽ നിന്നും വൈദ്യുതി എത്തിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്, തിരുനെൽവേലി - ഇടമൺ - കൊച്ചി (ഈസ്റ്റ്) - മാടക്കത്തറ റൂട്ടിൽ 400 കെ. വി ലൈൻ വലിച്ച് കൊച്ചി പള്ളിക്കരയിൽ ഒരു 400 കെ. വി സബ്സ്റ്റേഷൻ സ്ഥാപിച്ചിട്ടാണ്. ഈ ലൈനിന്റെ നിർമ്മാണം കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ പവർ ഗ്രിഡ് കോർപ്പറേഷനാണ് (PGCIL) നടപ്പാക്കുന്നത്. പ്രസ്തുത ലൈനിൽ തിരുനെൽവേലി മുതൽ ഇടമൺവരെയും, കൊച്ചി പള്ളിക്കരയിൽ നിന്നും തൃശ്ശൂർ മാടക്കത്തറ വരെയുമുള്ള ലൈൻ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. കൊച്ചിയിൽ നിന്നും ഇടമൺ വരെയുള്ള ലൈൻ നിർമ്മാണം പത്തനംതിട്ട, കോട്ടയം ജില്ലകളിലെ കർഷകരുടെ എതിർപ്പു മൂലം ഇപ്പോൾ തടസ്സപ്പെട്ടിരിക്കുകയാണ്. |
| (സി) ഇതിന്റെ നിരക്ക് സംബന്ധിച്ച് ധാരണയിലെത്തിയിട്ടുണ്ടോ ? | (സി) ഇതിന്റെ നിരക്ക് സംബന്ധിച്ച അറിയിപ്പ് ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ.